**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ്-തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ-ന്റെ പേരിൽ രണ്ട് പലിശ രഹിത സ്പെഷ്യൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.4722/2018/ധന.** തിരുവനന്തപുരം, തീയതി **03/06/2018**

---

പരാമർശം:- 1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള യുടെ മിഷൻ ഡയറക്ടറുടെ 16/04/2018 തീയതിയിലെ SHM-11/173/12 നം.കത്ത്.

2. ഭരണ വകുപ്പ് ഫയൽ നം. AGRI-PB1/141/2018-AGRI Computer No. 817583

**<u>ഉത്തരവ്</u>**

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 14 ജില്ലകളിലെ DHS മുഖേന ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിലേയ്ക്കായി ഇപ്പോൾ കേന്ദ്ര /സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ചിരുന്ന ഫണ്ട് തിരവനന്തപുരം ജില്ലാ ട്രഷറിയിൽ 2 STSB അക്കൗണ്ടുകളിൽ നിക്ഷേപിച്ചു വരുന്നു. ടി നടപടി കേന്ദ്ര Audit Team എതിർക്കുകയും വ്യത്യസ്ത പദ്ധതികൾക്കായി വ്യത്യസ്തമായ ബാങ്ക് അക്കൗണ്ടും വ്യത്യസ്തമായ കാഷ് ബുക്കും നിലനിർത്തുവാനും നിർദ്ദേശിച്ചു. ഈ സാഹചര്യത്തിൽ, ഫലപ്രദമായി പണമിടപാട് നടത്തുവാനും ഓരോ പദ്ധതിയുടെ അക്കൗണ്ടുകളുടെ നടത്തിപ്പിനായും PKVY Scheme, NMPB Scheme എന്നവയ്ക്കായി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, എന്ന പേരിൽ രണ്ട് സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനായി പരാമർശം 1 ലെ കത്ത് പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ-ന്റെ പേരിൽ രണ്ട് പലിശ രഹിത സ്പെഷ്യൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (PKVY Scheme, NMPB Scheme എന്നവയ്ക്കായി) ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, തിരുവനന്തപുരം
കൃഷി വകുപ്പ് (e-file No: AGRI-PB1/141/2018-AGRI Computer No. 817583 പ്രകാരം)
ധനകാര്യ (AGRI-B) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ